മാവേലിസ്റ്റോറുകൾ

106 (2601) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന മാവേലിസ്റ്റോറുകളുടെ എണ്ണമെത്രയായിരുന്നു ; സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ എത്രയായിരുന്നു ;

(സി) സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ ഉൾപ്പെടെ നിലവിൽ എത്ര മാവേലിസ്റ്റോറുകൾ ഉണ്ടെന്ന് അറിയിക്കാമോ ;

(ഡി) സബ്സിഡി ഇനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവും ഗുണനിലവാരമില്ലാത്ത ഉൽപ്പന്നങ്ങളുടെ വിപണനവും മാവേലിസ്റ്റോറുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വിപണനത്തിന് സാധനങ്ങൾ ലഭിക്കാതെയുള്ള മിക്ക മാവേലിസ്റ്റോറുകളുടെയും അവസ്ഥ ജനജീവിതം ദുസ്സഹമാക്കിയിട്ടുള്ളകാര്യം പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് ആകെ 878 മാവേലിസ്റ്റോറുകളും 13 മൊബൈൽ മാവേലിസ്റ്റോറുകളുമാണ് പ്രവർത്തിച്ചു വന്നിരുന്നത്.

(സി) സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ ഉൾപ്പെടെ നിലവിൽ 966 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) എല്ലാ മാവേലിസ്റ്റോറുകളിലും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

മാവേലിസ്റ്റോറുകളിലെയും സപ്ലൈകോ സ്റ്റോറുകളിലെയും സാധന വില

107 (2602) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മാവേലിസ്റ്റോറുകളിലേയും സപ്ലൈകോ സ്റ്റോറുകളിലേയും സാധനങ്ങളുടെ വിലവിവരപ്പട്ടിക എപ്രകാരമായിരുന്നുവെന്ന് വിശദമാക്കാമോ ;

(ബി) 2015 മെയ് മാസത്തിൽ മാവേലി സ്റ്റോറുകളിലെയും സപ്ലൈകോ സ്റ്റോറുകളിലെയും സാധനങ്ങളുടെ വിവരപ്പട്ടിക എപ്രകാരമായിരുന്നുവെന്ന് വിശദ മാക്കാമോ ;

(സി) ഇതിൽ ഏതെങ്കിലും സാധനത്തിന് ആറ് ശതമാനം വിലവർദ്ധനവ് വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?